**പത്രക്കുറിപ്പ്**
**6-8-2017**

## തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ബ്ലോക്ക് തലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന ജെൻഡർ റിസോഴ്സ് സെന്ററുകൾ (ജി.ആർ.സി) പ്രവർത്തനം തുടങ്ങുന്നു.

സ്ത്രീകളുടെ കഴിവു വർധിപ്പിച്ച് സമൂഹത്തിൽ തന്റേതായ ഇടം സൃഷ്ടിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലകൾ തോറും ബ്ലോക്ക് തലത്തിൽ അഞ്ചു വീതം മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നത്. അതാത് പ്രദേശങ്ങളിലെ വാർഡ് മെമ്പറും സാമൂഹ്യ പ്രവർത്തകരും ഉൾപ്പെട്ട വിജിലന്റ് ഗ്രൂപ്പ് എന്ന സമിതിയുടെ സഹായം ഇതിനായി ഉറപ്പുവരുത്തും. സ്ത്രീകളുടെയും കുട്ടികളുടെയും സേവന വിവരങ്ങൾ ലഭ്യമാക്കുന്ന ഇൻഫർമേഷൻ സെന്ററായും ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കൗൺസിലർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ സേവനവും ഉറപ്പുവരുത്തും. സമൂഹത്തിൽ അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ കൗൺസിലിങ്ങ്, പ്രീമാരിറ്റൽ കൗൺസലിങ്ങ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്ന സ്ഥിരം സംവിധാനം എന്ന നിലയ്ക്കായിരിക്കും ഇവയുടെ പ്രവർത്തനം.

സ്ത്രീപക്ഷ കാഴ്ചപാടുകൾക്ക് പ്രാധാന്യം നൽകുന്നതു വഴി അയൽക്കൂട്ട വനിതകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ജനപ്രതിനിധികളുടെയും കഴിവും നേതൃത്വശേഷിയും വർദ്ധിപ്പിക്കുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ജെൻഡർ അവബോധന പ്രവർത്തനങ്ങളും സംഘടിപ്പിക്കും. നിലവിലുള്ള ജാഗ്രതാസമിതികളെ കൂടുതൽ ശക്തിപ്പെടുത്തി അവയ്ക്ക് പിന്തുണ നൽകിക്കൊണ്ട് പ്രാദേശികതലത്തിൽ സ്ത്രീകൾക്കെതിരേയുള്ള അതിക്രമ സാധ്യതകൾ ഇല്ലാതാക്കുന്നതിനും സമസ്ത മേഖലയിലും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്.

അയൽക്കൂട്ട വനിതകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് കാർഷിക സൂക്ഷ്മസംരംഭ മേഖലകളിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും നിലവിൽ കുടുംബശ്രീ നടപ്പാക്കി വരുന്ന പദ്ധതികളുമായി ബന്ധപ്പെടുത്തി തൊഴിൽ പരിശീലനം ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. ഇതിന് വിവിധ വകുപ്പുകൾ, കുടുംബശ്രീയും പ്രാദേശിക സർക്കാരും നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്നിവയുടെ സംയോജനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**